(ബി) ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചു കഴിഞ്ഞോ;

(സി) എങ്കിൽ എത്ര ജീവനക്കാരുണ്ട്?

ഉത്തരം

(എ മുതൽ സി വരെ) കണ്ടല്ലൂർ പി.എച്ച്.സിയിൽ ഇപ്പോൾ 7 തസ്തികകൾ നിലവിൽ ഉണ്ട്. ഇവിടെ കിടക്കകളുടെ എണ്ണം 36 ആയി നിശ്ചയിക്കുന്നതിനും അനുവദനീയമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം ഇപ്പോൾ സർക്കാർ പരിഗണനയിലുണ്ട്. പുതുക്കിയ സാമ്പത്തിക വ്യയ നിയന്ത്രണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുകയുള്ളു. തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ വാർഡ് ഉത്ഘാടനം ചെയ്യുവാൻ നിർവ്വാഹമുള്ളൂ.

കൂരാച്ചുണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രം

152(863)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാംപ്ര നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ പുതിയതായി പണിതീർത്ത പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരേയും മറ്റ് സൗകര്യങ്ങളും ലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള കൂരാചുണ്ട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.എം.സ്കറിയയുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടി ക്രമങ്ങൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ലഭിച്ചിട്ടുണ്ട്. പുതിയ വാർഡ് പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് പഞ്ചായത്താണ്. പുതുതായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭിച്ചുകഴിഞ്ഞാൽ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് അനുവദനീയമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പാറശ്ശാല നിയോജകമണ്ഡലത്തിലെ പി.എച്ച്.സികൾ

153(864)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ, കെട്ടിടങ്ങളുടെ പണി പൂർത്തിയായ കൊല്ലയിൽ, ചെങ്കൽ, കുളത്തൂർ, പരണിയം പി.എച്ച്.സി.കളുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പി.എച്ച്.സി. കളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ സ്റ്റാഫ്, ഫർണിച്ചർ, ഫണ്ട് എന്നിവ അനുവദിച്ച് ഈ

LIBRARY ARCHIVES Kerala Legislative Assembly